# പ്രത്യാശയോടെ ദൈവത്തിൽ ആശ്രയം വെക്കുക

## സങ്കീർത്തനങ്ങൾ 62:8

"ജനമേ എല്ലാക്കാലത്തും അവനിൽ ആശ്രയിപ്പീൻ; നിങ്ങളുടെ ഹൃദയം അവന്റെ മുമ്പിൽ പകരുവീൻ. ദൈവം നമുക്കു സങ്കേതമാകുന്നു."

ദാവീദിന്റെ മനോഹരമായ 62-ാം സങ്കീർത്തനത്തിലെ വാക്യങ്ങളാണ് നാം മുകളിൽ വായിച്ചത്. രാജാവായിരുന്നിട്ടും, തന്റെ ജീവിതത്തിൽ പലതരം പ്രതിസന്ധികളിലൂടെ കടന്നുപോയ ഒരു വ്യക്തിയാണ് ദാവീദ്. ഏതു സാഹചര്യമാണെങ്കിലും ദൈവം തന്റെ സങ്കേതമായിരിക്കുമ്പോൾ, ശത്രു തന്നെ തകർക്കുകയില്ല എന്ന ആഴത്തിലുള്ള വിശ്വാസം ദാവീദിനുണ്ടായിരുന്നു.

തന്റെ സങ്കീർത്തനങ്ങളിലൂടെയെല്ലാം ഈ ദൈവത്തിന്റെ കരുതലും, കരുണയും ദാവീദ് നമുക്ക് കാട്ടിത്തരുന്നു. ദൈവവുമായിട്ടുള്ള തന്റെ ആഴത്തിലുള്ള ബന്ധം, തന്റെ എല്ലാ പ്രതികൂലങ്ങളിൽ നിന്നും തന്നെ വിടുവിപ്പാൻ യഹോവയുടെ കൈ ഇറങ്ങുമെന്നുള്ള അടിയുറച്ച വിശ്വാസമാണ് ദാവീദ് തന്റെ ജീവിതത്തിലൂടെ നമ്മെ പഠിപ്പിക്കുന്നത്.

ഉൽപ്പത്തിയുടെ ആരംഭം മുതൽ തന്നെ, ഈ തരത്തിലുള്ള, ആഴത്തിലൊരു ബന്ധമാണ് മനുഷ്യനിൽ നിന്നും ദൈവം പ്രതീക്ഷിച്ചത്. എന്നാൽ അനുസരണക്കേടിന്റെ ഫലമായി നാം പുറത്താക്കപ്പെട്ടു. പാപത്തിൽ വീണുപോയ നമ്മെ വീണ്ടെടുക്കുവാനായി തന്റെ പുത്രനെപ്പോലും ക്രൂശിൽ യാഗമായി തന്നു. നഷ്ടപ്പെട്ടുപോയ എന്നെയും നിങ്ങളെയും വീണ്ടെടുത്തത് ദൈവമക്കളായിട്ടാണ്. ഈ ദൈവം ആണ് നമുക്ക് സങ്കേതമായിട്ടുള്ളത്. അവൻ നമ്മുടെ പക്ഷത്തുണ്ടെങ്കിൽ നാം ഇന്ന് ഏത് ശത്രുവിനെയാണ് ഭയപ്പെടുന്നത്? നാം കടന്നുപോകുന്ന ഏതൊരു അവസ്ഥയ്ക്കും മാറ്റം വരുത്തുവാൻ ശക്തനാണ് നമ്മുടെ ദൈവം.

ജീവിതത്തിൽ പരാജയങ്ങൾ സംഭവിക്കുമ്പോൾ തളർന്നു പോകുവാനോ പരാതിപ്പെടുവാനോ അല്ല, ദൃഷ്ടി സർവ്വശക്തനിൽ ഉറപ്പിക്കുകയാണ് വേണ്ടത്. നാം പോകേണ്ടുന്ന വഴി, നമുക്ക് മുന്നമേ ഈ ദൈവം ഒരുക്കിയിട്ടുണ്ട്. പ്രത്യാശയോടെ ദൈവത്തിൽ ആശ്രയം വെക്കുവാൻ നമുക്ക് ഏവർക്കും സാധിക്കട്ടെ.

പരാമർശം:
സങ്കീർത്തനം 34:5
അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി; അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല.

സിസ്റ്റർ ഫെബി മറിയം വിനോദ് കായംകുളം 002